**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - കൊച്ചി നഗരസഭയിലെ കെട്ടിട നിർമ്മാണ അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട ക്രമക്കേട് - സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ. സുലൈമാൻ. സി.എം-നെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ.(സാധാ) നം..1312/2019/തസ്വഭവ. തീയതി, തിരുവനന്തപുരം,26.06.2019

---

പരാമർശം : ശ്രീ. വി.ഐ. ബേബി 21.06.2019 ന് സർക്കാറിൽ സമർപ്പിച്ച പരാതി.

**<u>ഉത്തരവ്</u>**

കൊച്ചി നഗരസഭാ പരിധിയിലെ 67ാം ഡിവിഷനിലെ എറണാകുളം വില്ലേജിലെ 154/3, 155/30, എന്നീ സർവ്വേ നമ്പറിൽപ്പെട്ട സ്ഥലത്ത് നിർമ്മാണ അനുമതിക്ക് 01.08.2018 ന് സമർപ്പിച്ച അപേക്ഷ അകാരണമായി സൂപ്രണ്ടിംഗ് എഞ്ചിനീയറായ ശ്രീ. സുലൈമാൻ. സി.എം കാലതാമസം വരുത്തുന്നതായി കാണിച്ച് ശ്രീ. വി.ഐ. ബേബി പരാമർശം പ്രകാരം സർക്കാറിൽ പരാതി സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ 1999 ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് ചട്ടങ്ങൾ പ്രകാരം ഇത്തരം അപേക്ഷയിന്മേൽ 30 ദിവസത്തിനകം തീരുമാനമെടുക്കണമെന്നിരിക്കേ ഏകദേശം പത്ത് മാസം കഴിഞ്ഞിട്ടും സൂപ്രണ്ടിംഗ് എഞ്ചിനീയർ പ്രസ്തുത അപേക്ഷ അടങ്ങിയ ഫയൽ തീരുമാനമെടുക്കാതെ തന്റെ കൈവശം വച്ച് കാലതാമസം വരുത്തിയതായും പിന്നീട് പരാതി സംബന്ധിച്ച് അറിഞ്ഞപ്പോൾ ഫയലിൽ തീയതികൾ തിരുത്തിയതായും വ്യക്തമായിട്ടുണ്ട്. കോർപ്പറേഷൻ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ തലവനും ഉന്നത ഉദ്യോഗസ്ഥനുമായ ശ്രീ. സുലൈമാൻ. സി.എം -ന്റെ ഈ നടപടി അഴിമതിയും ഗുരുതരമായ അച്ചടക്ക ലംഘനവും കൃത്യവിലോപവുമാണെന്ന് സർക്കാർ കാണുന്നു. ആയതിനാൽ ഇദ്ദേഹത്തെ 1960 ലെ കെ.സി.എസ് (സി.സി.എ) റൂൾസിലെ ചട്ടം 10 (1) (എ) പ്രകാരം അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു. സസ്പെൻഷൻ കാലയളവിൽ ടിയാന് ചട്ടപ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ. ടൈറ്റസ്. എച്ച്-ന് കൊച്ചി കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പൂർണ്ണ അധിക ചുമതല നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ എബ്രഹാം**
**അഡീഷണൽ സെക്രട്ടറി**

1 ശ്രീ. സുലൈമാൻ. സി.എം, സൂപ്രണ്ടിംഗ് എഞ്ചിനീയർ (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2 ശ്രീ. ടൈറ്റസ്. എച്ച്, എക്സി. എഞ്ചിനീയർ (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
3 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
4. സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7 വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8 കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്